**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2910** 18-06-2018 -ൽ മറുപടിക്ക്

## ദുരന്തങ്ങൾ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്തങ്ങൾ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച കമ്മിറ്റി യുടെ ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ശിപാർശകൾ; | എ) & ബി) | ഉണ്ട്. ഓഖി ദുരന്തത്തെ തുടർന്ന് ഭാവിയിൽ ഇത്തരം ദുരന്തം ഉണ്ടായാൽ അവയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| സി) | ഈ മഴക്കാലത്ത് ഹൈറേഞ്ച് പോലുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിലും, ഉരുൾപൊട്ടലും ഉണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ദുരന്ത നിവാരണ അതോറിറ്റി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | സി) | ബഹു: മുഖ്യമന്ത്രി ചെയർമാൻ ആയ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 11.06.2018 ന് യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. മെയ് 25, ജൂൺ 7, ജൂൺ 11 എന്നീ ദിവസങ്ങളിൽ ജില്ലകൾക്ക് ഉരുൾപൊട്ടൽ സാധ്യത സംബന്ധിച്ച് "തുടർച്ചയായി മഴ ലഭിച്ചതിനാൽ, ശക്തമായ മഴ പെട്ടെന്നുള്ള വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് കാരണമാകാമെന്നും ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് (7 pm to 7 am) മലയോര മേഖലയിലേക്കുള്ള യാത്ര പരിമിതപ്പെ ടുത്തുവാൻ പോലീസിന് നിർദ്ദേശം നൽകണം" എന്ന് മുന്നറിയിപ്പ് നൽകിയിരുന്നു.<br>സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ Section 3.21.1 Landslide Mitigation ൽ ഉരുൾപൊട്ടൽ സാധ്യത ലഘൂകരിക്കുന്നതിനായി സ്വീകരിക്കേണ്ട |

| | | | |
|---|---|---|---|
| | | | നടപടികൾ ജില്ലാ അതോറിറ്റികളോട് ശുപാർശ ചെയ്തിട്ടുണ്ട്: ഉരുൾപൊട്ടൽ സാധ്യത കൂടുതൽ ഉള്ള വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സാങ്കേതിക വിദഗ്ധരെ നിയമിക്കുകയും, Satellite Based Internet and Telephone സംവിധാനം നൽകുകയും ചെയ്തു.<br>കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ് സൈറ്റിൽ http://sdma.kerala.gov.in/maps പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്<br>16-05-2018 ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കാലവർഷ-തുലാവർഷ അവലോകന യോഗം നടത്തിയിരുന്നു. കാലവർഷ - തുലാവർഷ മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനായി വിവിധ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച പരിപത്രത്തിലെ ഐറ്റം നം.26-29 എന്നിവയിൽ ഉരുൾപൊട്ടൽ സാധ്യത ലഘൂകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ